# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 07-11-2016- ൽ

നം: 6227 മറുപടിയ്ക്ക്

### മദ്രസാ അദ്ധ്യാപക ക്ഷേമനിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ടി.എ. റഹീം | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | മദ്രസാ അദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങളും അവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വിശദമാക്കാമോ? | (എ) | 1) മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ രണ്ട് വർഷത്തെ അംഗത്വ കാലാവധി പൂർത്തിയാക്കി അംഗത്വം നിലനിർത്തുന്ന മദ്രസ്സാദ്ധ്യാപകരുടെ രണ്ട് പെൺമക്കളുടെ വിവാഹത്തിനും സ്വന്തം വിവാഹത്തിനും ധനസഹായമായി 10,000/- രൂപ വീതം അനുവദിക്കുന്നുണ്ട്. വിവാഹ തീയതിക്ക് ഒരു മാസം മുമ്പ് മുതൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിവാഹം കഴിഞ്ഞു പരമാവധി മൂന്ന് മാസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണം. അപേക്ഷ സമർപ്പിക്കുന്നതിന്റെ തൊട്ട് മുമ്പുള്ള മാസം വരെ അംശദായം ഒടുക്കിയിരിക്കേണ്ട താണ്.<br><br>2) എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് 2,000/- രൂപ ക്യാഷ് അവാർഡ് നൽകി വരുന്നു.<br><br>3) 5 വർഷത്തിൽ കുറയാത്ത കാലം അംശാദായം അടച്ച് 65 വയസ്സ് പൂർത്തിയാകുന്നതുവരെ അംഗത്വം നിലനിർത്തുന്ന മദ്രസ്സാ ക്ഷേമനിധി അംഗങ്ങൾക്ക് അംഗത്വ കാലയളവിന് ആനുപാതികമായി മിനിമം 800/- രൂപമുതൽ പ്രതിമാസ പെൻഷൻ ലഭിയ്ക്കുന്നതാണ്. 20 വർഷത്തിൽ കുറയാത്തകാലം അംശാദായമടച്ച് ക്ഷേമനിധി അംഗത്വം നിലനിർത്തി വരുന്ന ഒരംഗം മദ്രസ്സാദ്ധ്യാപക പ്രവൃത്തിയിൽ നിന്നും സ്വയം വിരമിക്കുന്ന പക്ഷം പ്രസ്തുത അംഗത്തിന് മിനിമം പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.<br><br>4)കേരള മദ്രസ്സാക്ഷേമനിധിയിലെ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്കുള്ള ഭവന വായ്പാ പദ്ധതി - 200 ഗുണഭോക്താക്കൾക്ക് 2.5 ലക്ഷം രൂപ വീതം വായ്പ നൽകുന്ന 5 കോടി രൂപയുടെ പ്രസ്തുത പദ്ധതി കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ